# അലയടിക്കുന്ന ചുണ്ടേലിപ്പുഴ

വയനാട്ടിലെ മീനങ്ങാടി പഞ്ചായത്തിൽ സർക്കാർ നടപ്പിലാക്കുന്നതിനു ശ്രമിക്കുന്ന ചുണ്ടേലിപ്പുഴ ജലസേചന പദ്ധതിക്കെതിരെ കർഷകരുടെയും പൊതുജനങ്ങളുടെയും പ്രതിഷേധം ശക്തമായി അലയടിക്കുവാൻ തുടങ്ങി.

അമ്പതു വർഷത്തിലേറെയായി കുടിയേറിപ്പാർത്തവരും അറുനൂറോളം ആദിവാസി കുടുംബങ്ങളുമടക്കം മൂവായിരത്തോളം കുടുംബങ്ങൾക്ക് കുടിയിറക്കു ഭീഷണി സൃഷ്ടിച്ചിരിക്കുകയാണ് ഈ പദ്ധതി.

കാൽ നൂറ്റാണ്ടായിട്ടും പണിതീരാതെ കോടിക്കണക്കിനു രൂപയുടെ അഴിമതിയും ധൂർത്തും നടത്തി ഇഴഞ്ഞുനീങ്ങുന്ന കാരാപ്പുഴ ജലസേചന പദ്ധതിയും ബാണാസുര സാഗറും വയനാടിന് ശാപമായി ഇപ്പോഴും ബാക്കി നില്ക്കേയാണ് വയനാടിനെ മൊത്തം ബാധിക്കുന്ന അനേകം ജലസേചന പദ്ധതികളുമായി സർക്കാർ മുന്നിട്ടിറങ്ങിയിരിക്കുന്നത്. ഈ പദ്ധതികളും കാരാപ്പുഴ, ബാണാസുര സാഗർ പദ്ധതികൾപ്പോലെ ഉദ്യോഗസ്ഥ-രാഷ്ട്രീയ-കരാറുകാർ-കൂട്ടുക്കെട്ടിന്റെ ഗൂഢാലോചനയായി ജനം കരുതുന്നു.

ചുണ്ടേലിപ്പുഴ, മാനന്തവാടി, കല്ലംപതി, നൂൽപ്പുഴ, ചേക്കാട്, പെരിങ്ങോട്ടുപുഴ, മഞ്ചാട്ട്, തോണ്ടാർ, തിരുനെല്ലി എന്നീ ജലസേചന പദ്ധതികളാണ് സർക്കാർ നടപ്പാക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതോടെ പതിനായിരക്കണക്കിന് കർഷക കുടുംബങ്ങളും ആദിവാസി കുടുംബങ്ങളും കുടിയൊഴിയേണ്ടിവരും. അതേസമയം ഈ പദ്ധതികളെ ഉൾക്കൊള്ളാനുള്ള ഭൂപരിസ്ഥിതി വയനാടിനില്ല. നിലവിലുള്ള പദ്ധതികൾക്കു പുറമേ പശ്ചിമഘട്ട മലനിരകളിൽ (വയനാട്ടിൽ) വീണ്ടും ഡാമുകൾ പണിയുന്നത് കർഷകർക്ക് ഫലഭൂയിഷ്ടമായ കൃഷി സ്ഥലം നഷ്ടമാകുന്നതോടൊപ്പം ഭൂചലനം അടക്കമുള്ള ദുരന്തങ്ങൾക്കും ഇതു വഴിയൊരുക്കും.

വയനാടിന്റെ പരിസ്ഥിതി സന്തുലനവും കാർഷിക വ്യവസ്ഥിതിയും ജൈവ വൈവിധ്യവും തകർക്കുന്ന പുതിയ ജലസേചന പദ്ധതികളുമായി മുന്നോട്ടു പോകുന്ന സർക്കാർ നയത്തെ ചെറുത്തു തോല്പിക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ഈ സാഹചര്യത്തിൽ ജനങ്ങളോട് ആഹ്വാനം ചെയ്യുകയുണ്ടായി.

ചുണ്ടേലിപ്പുഴ പദ്ധതിക്കെതിരേയും മാനന്തവാടി പദ്ധതിക്കെതിരേയും ശക്തമായി ഉയർന്നു വന്നിട്ടുള്ള ജനകീയ സമരങ്ങളിൽ ഭരണപക്ഷ പാർട്ടിക്കാരും ഉൾപ്പെടുന്നു എന്നത് ഈ സമരങ്ങളുട ജനപങ്കാളിത്തം ബോധ്യപ്പെടുത്തുന്നതോടൊപ്പം വയനാട്ടിലെ ജനങ്ങളും സർക്കാരും തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുന്നു.

**പി. ആർ. കൃഷ്ണൻകുട്ടി.**
**തൃക്കൈപ്പറ്റ**